**പതിനാലാം കേരളനിയമസഭ**

**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3731** 15/05/2017 -ൽ മറുപടിയ്ക്ക്

**സ്കൂൾ വിദ്യാർത്ഥികൾക്കായി സൗജന്യ അപകട ഇൻഷ്വറൻസ് പദ്ധതി**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.എം. ഉമ്മർ : | | പ്രൊഫ.സി.രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് സ്കൂൾ വിദ്യാർത്ഥികൾക്കായി ഏതെങ്കിലും തരത്തിലുള്ള സൗജന്യ അപകട ഇൻഷ്വറൻസ് പദ്ധതി നിലവിലുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (എ) | ഉണ്ട്. 30.09.2016 ലെ ജി.ഒ (എം എസ്) നം.163/2016/പൊവിവ പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന സ്കൂൾ കുട്ടികൾക്കായുള്ള സൗജന്യ അപകട ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കുന്നതിന് അനുമതി നൽകി ഉത്തരവായിട്ടുണ്ട്. വിദ്യാർത്ഥിയുടെ മരണം സംഭവിച്ചാൽ 50,000/- രൂപയും, ഗുരുതരമായി പരിക്ക് പറ്റിയാൽ 10,000/- രൂപയും, ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുട്ടികളുടെ രക്ഷിതാക്കൾ മരണപ്പെട്ടാൽ 50,000/- രൂപ ട്രഷറി അക്കൗണ്ടിൽ ഫിക്സഡ് ഡെപ്പോസിറ്റായി നിക്ഷേപിക്കുകയും, പലിശയിനത്തിൽ ലഭിക്കുന്ന തുക കുട്ടിയുടെ പഠനാവശ്യത്തിനായി ഉപയോഗിക്കുന്നതരത്തിൽ നടപ്പിലാക്കുവാൻ പൊതുവിദ്യാഭ്യാസ ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.<br>ഹയർ സെക്കണ്ടറി/ വൊക്കേഷണൽ ഹയർ സെക്കണ്ടറി വിദ്യാർത്ഥികൾക്ക് സൗജന്യ ഇൻഷ്വറൻസ് പദ്ധതി നിലവിലില്ല. |
| (ബി) പ്രസ്തുത പദ്ധതിക്കായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; ഇതുമായി ബന്ധപ്പെട്ട് ഏതെങ്കിലും ഇൻഷ്വറൻസ് കമ്പനികളുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | പദ്ധതി നടപ്പിലാക്കുന്നതിന് ആവശ്യമായ തുക പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് സർക്കാർ നൽകി വരുന്നു. ഇതുമായി ബന്ധപ്പെട്ട് ഇൻഷ്വറൻസ് കമ്പനികളുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല. |
| (സി) എങ്കിൽ പ്രസ്തുത പദ്ധതി അൺ-എയ്ഡഡ് മേഖലയിലും നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ? | (സി) | ഇപ്പോൾ പരിഗണനയിൽ ഇല്ല. |

സെക്ഷൻ ഓഫീസർ